**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് റോഡുകളിലും റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ എല്ലാം തന്നെ നാച്യുറൽ റബ്ബർ മോഡിഫൈഡ് NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. NRMB യുടെ ദൗർലഭ്യം ഉണ്ടാകുന്ന അവസരങ്ങളിൽ മാത്രമാണ് നോർമൽ ബിറ്റുമിൻ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്. |
| (ബി) | പാലങ്ങൾക്കും റോഡുകൾക്കും വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ചുള്ള തർക്കങ്ങൾ വേഗം പരിഹരിച്ച് പരിഷ്കരണങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തർക്കങ്ങൾ ധ്രുതഗതിയിൽ പരഹരിക്കുന്നതിന് നിലവിൽ ജനപ്രതിനിധികൾ, തദ്ദേശവാസികൾ, റവന്യൂ അധികാരികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡുകളുടെ അലൈൻമെന്റ് മുൻകൂട്ടി നിശ്ചയിച്ച് ഏറ്റെടുക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി ഉചിതമായ നഷ്ടപരിഹാര തുക താമസം വിന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വഴി സ്ഥലമേറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കുവാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ